(എ) സംസ്ഥാനത്ത് നദീസംരക്ഷണസേന രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഏതെല്ലാം അധികാരങ്ങളും ചുമതലകളുമാണ് സേനയ്ക്ക് നല്‍കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങള്‍ ചെയ്തിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

കടല്‍ത്തീര സംരക്ഷണത്തിന് കണ്ടല്‍ അധിഷ്ഠിത ജൈവവേലി

2831 ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍
'' കെ. എം. ഷാജി
'' പി. ബി. അബ്ദുള്‍ റസാഖ്
'' എന്‍. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കടല്‍ത്തീര സംരക്ഷണത്തിന് കണ്ടല്‍ അധിഷ്ഠിത ജൈവവേലി ഫലപ്രദമാണോ എന്നതു സംബന്ധിച്ച് ഇന്‍സ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റര്‍ മാനേജ്മെന്റ് പഠനം നടത്തിയിട്ടുണ്ടോ; എങ്കില്‍ എന്താണെന്നും പഠനത്തിലെ കണ്ടെത്തലുകള്‍ എന്തൊക്കെയാണെന്നും വിശദമാക്കുമോ;

(ബി) ഇന്ന് അനുവര്‍ത്തിച്ചുവരുന്ന കടല്‍ ഭിത്തി നിര്‍മ്മാണവും പുലിമുട്ടുകളും നമ്മുടെ തീരങ്ങള്‍ക്ക് അനുയോജ്യമാണോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കില്‍ വ്യക്തമാക്കുമോ;

(സി) ഈ വിഷയത്തില്‍ നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി എന്തെങ്കിലും നിര്‍ദ്ദേശം നല്‍കിയിട്ടുണ്ടോ; എങ്കില്‍ എന്താണെന്ന് വിശദമാക്കുമോ;

(ഡി) പരിസ്ഥിതിയ്ക്ക് പ്രതികൂലമായ കടല്‍ഭിത്തി എന്ന ആശയത്തിനു ബദലായി കണ്ടല്‍ വേലി തീര്‍ക്കുന്ന കാര്യത്തില്‍ ഡിസാസ്റ്റര്‍ മാനേജ്മെന്റ് അതോറിറ്റി ജലസേചന/ഹാര്‍ബര്‍ എന്‍ജിനീയറിംഗ് വകുപ്പുമായി കൂടിയാലോചന നടത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>തണ്ണീർതട സംരക്ഷണം</u>

2832 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോട്ടുളിവില്ലേജിലെ തണ്ണീർതടങ്ങൾ സംരക്ഷിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേരളാ ശാസ്ത്ര സാഹിത്യ പരിഷത് നിവേദനം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ നിവേദനത്തിൽ മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത തണ്ണീർതടം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് കോട്ടുളി വില്ലേജ് ഓഫീസറും, കോഴിക്കോട് തഹസിൽദാറും സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>കോട്ടൂളി തണ്ണീർത്തടപ്രദേശം മണ്ണിട്ടു നികത്തുന്നതുമായി ബന്ധപ്പെട്ട പരാതികൾ</u>

2833 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിൽ കോട്ടൂളി തണ്ണീർത്തടപ്രദേശത്ത് നെൽവയലുകളോ തണ്ണീർത്തടങ്ങളോ മണ്ണിട്ടു നികത്തുന്നതുമായി ബന്ധപ്പെട്ട് 2010-നുശേഷം എത്ര പരാതികൾ ലഭിച്ചു; പരാതികളുടെ തീയതിസഹിതം വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഓരോ പരാതിയിന്മേലും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ പൊതുകുളം</u>

2834 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ പഴയകുന്നുമ്മേൽ വില്ലേജിൽ സർവ്വേ നമ്പർ 122/18ൽ കുറവൻകുഴിയിൽ 1961 മുതൽ പഞ്ചായത്തിന്റെ നിയന്ത്രണത്തിലും കൈവശത്തിലുമുള്ള പൊതുകുളം വ്യാജരേഖ ചമച്ച് സ്വകാര്യവ്യക്തി കൈവശപ്പെടുത്തിയതായി റവന്യൂ മന്ത്രിക്കും തിരുവനന്തപുരം ജില്ലാ കലക്ടർക്കും ആർ. ഡി. ഒ.യ്ക്കും നൽകിയ പരാതിയിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) വ്യാജരേഖ ചമച്ച് കൈവശപ്പെടുത്തിയതായി സബ് രജിസ്ട്രാർ ഓഫീസ്, വില്ലേജ് ഓഫീസ് രേഖകളിൽ നിന്നും വ്യക്തമാകുന്നുണ്ടോ?

**കേരള നിയമസഭ**
**02.04.2013-ലെ മറുപടിക്ക്**

<u>അനധികൃത മണലൂറ്റ്</u>

2835 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ വിവിധ പദ്ധതികൾ, പാലങ്ങൾ എന്നിവയുടെ 500 മീറ്റർ ചുറ്റളവിൽ മണൽ വാരുന്നത് നിരോധിച്ചുകൊണ്ട് ഹൈക്കോടതിയും സർക്കാരും ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) മലപ്പുറം സിവിൽസ്റ്റേഷനു താഴെ കടലുണ്ടിപ്പുഴയിലെ നാമ്പ്രാണിക്കടവിൽ ചെക്ക്ഡാമിനു താഴെയും കോങ്കയം കുടിവെള്ള പദ്ധതിയുടെ കിണർ സ്ഥിതി ചെയ്യുന്ന മൂഴിക്കൽ കടവിലും ശക്തമായ മണലൂറ്റ് നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ അനധികൃത കടവുകളിൽ നടക്കുന്ന മണലെടുപ്പ് തടയുന്നതിന് ജില്ലാ റവന്യൂ സ്ക്വാഡ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>മണലിന്റെ ശേഖരണവും വിപണനവും</u>

2836 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണലിന്റെ ശേഖരണവും വിപണനവും പൊതുമേഖലയിൽ ആക്കുന്നതിന് കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ ;

(ബി) മണൽ വാരൽ നടക്കുന്ന കടവുകളിൽ നദീ സംരക്ഷണ സേന രൂപവത്കരിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് ;

(സി) മണൽവാരൽ രംഗത്തെ മാഫിയവത്ക്കരണം അവസാനിപ്പിക്കുന്നതിന് സ്വീകരിച്ചു വരുന്ന മറ്റ് നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

റവന്യൂ ഡിവിഷൻ ഓഫീസ് മാറ്റി സ്ഥാപിക്കാൻ നടപടി

2837 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി, ആലുവ, പറവൂർ എന്നീ നിയോജകമണ്ഡലത്തിലുള്ളവർ വിവിധ കേസുകളുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയുടെ പടിഞ്ഞാറെ അറ്റത്ത് സ്ഥിതി ചെയ്യുന്ന ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസിൽ എത്തിച്ചേരുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിയോജക മണ്ഡലത്തിലുള്ളവരുടെയും അങ്കമാലിയിലെയും മലയോരപ്രദേശങ്ങളിലെയും ജനങ്ങളുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഫോർട്ട്കൊച്ചിയിലെ ആർ.ഡി.ഒ ഓഫീസ് കാക്കനാട്/ആലുവ/എറണാകുളം എന്നിവിടങ്ങളിൽ എവിടെയെങ്കിലും മാറ്റിസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

താലൂക്കുകളുടെ രൂപീകരണവും പുന:സംഘടനയും

2838 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി താലൂക്കുകൾ രൂപീകരണം/പുന:സംഘടന സംബന്ധിച്ച് റവന്യൂ വകുപ്പും ലാന്റ് റവന്യൂ കമ്മീഷണറേറ്റും 2007 ൽ നടത്തിയ പഠന റിപ്പോർട്ട് പ്രകാരം എത്ര താലൂക്കുകൾ നിർദ്ദേശിച്ചിട്ടുണ്ട്; അവ ഏതെല്ലാമാണെന്ന് മുൻഗണനാ പ്രകാരം അറിയിക്കാമോ;

(ബി) പ്രസ്തുത പഠനത്തിന് ശേഷം ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും പഠനമോ/കമ്മിറ്റിയോ രൂപീകരിച്ച് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) 2013-14 ബഡ്ജറ്റിന്റെ ഭാഗമായി പ്രഖ്യാപിച്ച എത്ര താലൂക്കുകൾ 2007 ലെ പഠന റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ടെന്നും മുൻഗണനാ പ്രകാരം വരുന്ന മറ്റ് സ്ഥലങ്ങൾ താലൂക്കിന് പരിഗണിക്കാതിരിക്കാൻ കാരണമെന്തെന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

താലൂക്ക് / വില്ലേജ് രൂപീകരണം

2839 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താലൂക്ക്/വില്ലേജ് രൂപീകരണവുമായി ബന്ധപ്പെട്ട് പഠിക്കുന്നതിലേയ്ക്കായി 2007-ൽ റവന്യൂവകുപ്പും, ലാന്റ് റവന്യൂ കമ്മീഷണറേറ്റും സംയുക്തമായി ഏതെങ്കിലും കമ്മിറ്റിയെയോ, പഠന സംഘത്തേയോ നിയോഗിച്ചിരുന്നുവോ; എങ്കിൽ ആരൊക്കെയാണ് പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങൾ എന്ന് വ്യക്തമാക്കുമോ; അതുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത കമ്മിറ്റിയെ എന്തൊക്കെ ആവശ്യങ്ങൾക്കാണ് നിയോഗിച്ചിരുന്നതെന്നും എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് താലൂക്ക്/ വില്ലേജ് രൂപീകരണ നിർദ്ദേശം നൽകേണ്ടതെന്നും ഗവൺമെന്റ് നിർദ്ദേശിച്ചിരുന്നുവോ;

(സി) മേൽപ്പറഞ്ഞ കമ്മിറ്റി ഗവൺമെന്റിലേയ്ക്ക് നിർദ്ദേശങ്ങളോ, അവരുടെ അഭിപ്രായങ്ങളോ രേഖാമൂലം നൽകിയിരുന്നോ; എങ്കിൽ പുതുതായി രൂപീകരിക്കേണ്ട താലൂക്കുകളായി നിർദ്ദേശിച്ചവ ഏതൊക്കെയാണ്; മുൻഗണനാ ക്രമത്തിൽ അറിയിക്കുമോ;

(ഡി) പ്രസ്തുത കമ്മിറ്റി എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെന്റിലേയ്ക്ക് പുതിയ താലൂക്ക് രൂപീകരണത്തിന് റിപ്പോർട്ട് സമർപ്പിച്ചത്;

(ഇ) പ്രസ്തുത റിപ്പോർട്ടിൽപ്പെട്ട എത്ര താലൂക്കുകൾ ഇപ്പോൾ പുതുതായി പ്രഖ്യാപിക്കപ്പെട്ട താലൂക്കുകളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>പുതിയ താലൂക്കുകൾ സൃഷ്ടിക്കാൻ നടപടി</u>

2840 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി താലൂക്കുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും പഠന റിപ്പോർട്ട് സർക്കാരിനു മുന്നിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) താലൂക്കുകൾ ആരംഭിക്കുന്നതിനുള്ള പ്രയോറിറ്റി ലിസ്റ്റ് നിലവിലുണ്ടായിരുന്നോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഇപ്പോൾ എത്ര താലൂക്കുകൾ ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഇ) പുതുതായി പ്രഖ്യാപിച്ച താലൂക്കുകൾ ആരംഭിക്കുന്നതിന് ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയെന്ന് വിശദമാക്കാമോ;

(എഫ്) പ്രസ്തുത താലൂക്കുകൾ യാഥാർത്ഥ്യമാവാൻ എന്തു തുക ആവശ്യമായി വരുമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

താലൂക്ക് രൂപീകരണം

2841 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകരിക്കുവാൻ നടപടിയെടുത്തിട്ടുള്ള താലൂക്കുകൾ ഏതൊക്കെയാണ്;

(ബി) പ്രസ്തുത താലൂക്കുകൾ രൂപീകരിക്കുന്നതിലേക്കായി ഏതെങ്കിലും പഠനങ്ങളോ, അന്വേഷണമോ ഗവൺമെന്റ് ചുമതലയിൽ നടത്തിയിരുന്നുവോ: എങ്കിൽ ആയത് എന്നാണെന്ന് അറിയിക്കുമോ.

(സി) പുതിയ താലൂക്കുകളുടെ രൂപീകരണത്തിലേക്കായി ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള പൊതുമാനദണ്ഡങ്ങൾ എന്തൊക്കെയാണ്.

(ഡി) പ്രസ്തുത മാനദണ്ഡത്തിന് വിധേയമായി കൊല്ലം ജില്ലയിൽ പുതുതായി പത്തനാപുരം താലൂക്ക് രൂപീകരിക്കുവാൻ സ്വീകരിച്ച അനുകൂല ഘടകങ്ങൾ എന്തൊക്കെയാണ്;

(ഇ) കൊല്ലം ജില്ലയിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള താലൂക്ക് ഏതാണെന്നും, ജനസംഖ്യ എത്രയാണെന്നും അറിയിക്കുമോ;

(എഫ്) നിലവിലെ പത്തനാപുരം താലൂക്കിലെ ജനസംഖ്യ എത്രയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>താലൂക്ക് രൂപീകരണം</u>

2842 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താലൂക്ക് രൂപീകരണവുമായി ബന്ധപ്പെട്ട് എത്ര കമ്മീഷനുകളെ വിവിധ സർക്കാരുകൾ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ കമ്മീഷനും താലൂക്ക് രൂപീകരണവുമായി ബന്ധപ്പെട്ട് സർക്കാരിന് സമർപ്പിച്ച നിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഡോ. ബാബു പോൾ കമ്മീഷൻ എത്ര താലൂക്കുകൾ രൂപീകരിക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്; അവയുടെ പേരുകൾ വ്യക്തമാക്കുമോ;

(ഡി) താലൂക്ക് രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിലെ താലൂക്കുകൾ</u>

2843 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പുതിയ താലൂക്ക് രൂപീകരണം നടത്തുന്നതിന് മുമ്പ് കൊല്ലം ജില്ലയിൽ എത്ര താലൂക്കുകളാണ് നിലവിലുണ്ടായിരുന്നത്; പ്രസ്തുത താലൂക്കുകൾ ഏതെല്ലാമാണ്;

(ബി) മേൽ താലൂക്കുകളുടെ പ്രവർത്തന പരിധിയിൽ ഏതൊക്കെ നിയമസഭാ നിയോജക മണ്ഡലങ്ങൾ ഉൾപ്പെടുന്നുവെന്ന് അറിയിക്കുമോ;

(സി) നിലവിലുണ്ടായിരുന്ന താലൂക്കുകളുടെ ഭൂവിസ്തൃതിയും, ജനസംഖ്യയും എത്രയാണെന്ന് അറിയിക്കുമോ;

(ഡി) കൊല്ലം ജില്ലയിൽ ഉണ്ടായിരുന്ന താലൂക്കുകളിൽ ഓരോന്നിന്റെയും പ്രവർത്തന പരിധിയിൽ എത്ര വില്ലേജ് ഓഫീസുകൾ പ്രവർത്തിച്ചിരുന്നുവെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ഇ) നിലവിലുണ്ടായിരുന്ന താലൂക്കുകൾ വിഭജിച്ച് പുതിയവ രൂപീകരിക്കുമ്പോൾ ത്രിതല പഞ്ചായത്ത് സംവിധാനം പരിഗണിക്കാറുണ്ടോ; എങ്കിൽ ഓരോ താലൂക്കുകളിലും എത്ര ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളാണ് ഉണ്ടായിരുന്നതെന്ന് നഗരസഭ/കോർപ്പറേഷനുകളുടെ പേരുൾപ്പെടെ അറിയിക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>രജിസ്റ്ററുകളുടെ ഡിജിറ്റലൈസേഷൻ</u>

2844 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലെ കെഡസ്റ്ററൽ മാപ്പുകളും, ഫീൽഡ് മെഷർമെന്റ് ബുക്കുകളും ഡിജിറ്റലൈസ് ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതുവരെ എത്ര വില്ലേജുകളിൽ പ്രസ്തുത പ്രവർത്തനം പൂർത്തിയായിട്ടുണ്ട്;

(സി) വിവരാവകാശ നിയമപ്രകാരം ഫീൽഡ് മെഷർമെന്റ് ബുക്കുകളുടെ പകർപ്പ് നൽകുന്നതിൽ ഏതെങ്കിലും വില്ലേജിൽ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതൊക്കെ ജില്ലകളിലെ ഏതെല്ലാം സർവ്വെ നമ്പരുകളിൽ ഉൾപ്പെട്ടവയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം</u>

2845

ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും അടിസ്ഥാന രേഖകൾ സാക്ഷ്യപ്പെടുത്തി നൽകുവാൻ ചുമതലപ്പെട്ട വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ജനങ്ങൾക്ക് യഥാസമയം ആവശ്യങ്ങൾ നിർവ്വഹിച്ചു നൽകുവാൻ വില്ലേജ് ഓഫീസുകളിലെ നിലവിലുള്ള സംവിധാനം പര്യാപ്തമായി തോന്നിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിർവ്വഹിക്കുവാൻ പര്യാപ്തമായ വില്ലേജാഫീസുകളുണ്ടോ; ജീവനക്കാരുടെ അനുപാതം സംബന്ധിച്ച മാനദണ്ഡം എന്തെന്ന് വിശദമാക്കുമോ;

(സി) ജനങ്ങൾക്കു നേരിടുന്ന ബുദ്ധിമുട്ടും കാലതാമസവും അഴിമതിയും ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഭാവിയിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>വില്ലേജുകൾ ഇല്ലാത്ത പഞ്ചായത്തുകൾ</u>

2846 ശ്രീ. ജോസഫ് വാഴക്കൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എം. എ. വാഹീദ്
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വില്ലേജുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയ വില്ലേജ് ഓഫീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ സമ്പ്രദായം വഴി ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>വില്ലേജാഫീസുകളിൽ നിന്നും ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ</u>

2847

ശ്രീ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വില്ലേജാഫീസുകളിൽ നിന്നും ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ;

(ബി) സ്മാർട്ട് വില്ലേജാഫീസുകളിൽ നിന്ന് ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) കോഴിക്കോട് ജില്ലയിൽ പുതുതായി ഏതെങ്കിലും വില്ലേജ് ആഫീസ് സ്മാർട്ട് വില്ലേജ് ആഫീസ് ആക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി</u>

2848 ശ്രീ. വി. ഡി. സതീശൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബൽറാം
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി പ്രകാരം എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത്;
വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം</u>

2849 ശ്രീ.കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിലെ റിക്കാർഡുകൾ കംപ്യൂട്ടർവൽക്കരിക്കുന്ന പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്നറിയിക്കുമോ;

(ബി) വില്ലേജ് ഓഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) വില്ലേജ് ഓഫീസുകളിലെ അഴിമതി ഇല്ലാതാക്കാനും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

വില്ലേജ് ആഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണം

2850 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ആഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) മലപ്പുറം ജില്ലയിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് ആദ്യഘട്ടത്തിൽ കമ്പ്യൂട്ടർവൽക്കരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

പെരിന്തൽമണ്ണ താലൂക്കിലെ കുറുവ വില്ലേജ് വിഭജനം

2851 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുതന്നെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള വില്ലേജുകളിലൊന്നായ മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്കിലെ കുറുവ വില്ലേജ് വിഭജിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കുറുവ വില്ലേജ് വിഭജിച്ച് പുതിയ ഒരു വില്ലേജു് കൂടി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

കോങ്ങാട് മണ്ഡലത്തിലെ വിവിധ വില്ലേജ് ഓഫീസുകളുടെ നവീകരണം

2852 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ വിവിധ വില്ലേജ് ഓഫീസുകളുടെ പ്രവർത്തനത്തിനും നവീകരണത്തിനുമായി എത്ര തുക ഈ സർക്കാർ അനുവദിച്ചുവെന്ന വിവരം നൽകുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതിയ വില്ലേജ് ഓഫീസുകൾ പണിയുന്നതിനായി തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) കോങ്ങാട്, പറളി എന്നീ പഞ്ചായത്തുകളിലുള്ള വില്ലേജ് ഓഫീസുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് തുക നൽകുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>ആറ്റിപ്ര വില്ലേജിലെ ബഹുനില ഓഫീസ് സമുച്ചയ നിർമ്മാണം</u>

2853 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിലെ ആറ്റിപ്ര വില്ലേജിൽ ഒരു ബഹു നില ഓഫീസ് സമുച്ചയം സ്ഥാപിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയ 2 കോടിരൂപയിൽ എത്ര രൂപ ഈ വർഷം ചെലവഴിച്ചുവെന്നും ആയത് എന്തിനൊക്കെയായിട്ടാണ് വിനിയോഗിക്കപ്പെട്ടതെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>ഉദ്യോഗസ്ഥർക്കെതിരെയുള്ള വിജിലൻസ് കേസ്സുകൾ</u>

2854 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി സ്വകാര്യ കോളേജ് മാനേജ്മെന്റുകൾക്ക് പതിച്ചു നൽകിയതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഏതെല്ലാം കോളേജുകൾക്കാണ് ക്രമവിരുദ്ധമായി ഭൂമി പതിച്ചു നൽകിയെന്ന പേരിൽ പരാതി നിലവിലുള്ളത് ;

(സി) ക്രമവിരുദ്ധമായി ഭൂമി പതിച്ചു നൽകിയതു സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ ;

(ഡി) ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെയാണ് ഭൂമി പതിച്ചു നൽകിയതുമായി ബന്ധപ്പെട്ട് വിജിലൻസ് കോടതിയിൽ കേസ് ഉള്ളതെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

തഹസിൽദാർ തസ്തികയുടെ ശമ്പളം വർദ്ധിപ്പിക്കാൻ നടപടി

2855 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താലൂക്കിലെ വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിക്കുന്ന ഉദ്യോഗസ്ഥൻ എന്ന നിലയിൽ തഹസിൽദാർ തസ്തികയുടെ പ്രാധാന്യം മനസ്സാക്കിയിട്ടുണ്ടോ;

(ബി) ശമ്പളക്കമ്മീഷൻ റിപ്പോർട്ടുകളിൽ സമാന സ്കെയിലുകളിലെ മറ്റു ഉദ്യോഗസ്ഥരെക്കാൾ 'തഹസിൽദാർ'മാരുടെ ശമ്പള സ്കെയിലുകൾ താഴ്ത്തപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) താലൂക്കിലെ ഏറ്റവും പ്രധാനപ്പെട്ട ഉദ്യോഗസ്ഥൻ എന്ന നിലയിൽ തസ്തികയുടെ പ്രാധാന്യവും ഉത്തരവാദിത്വങ്ങളുടെ ബാഹുല്യവും കണക്കിലെടുത്ത് തഹസിൽദാർ തസ്തികയുടെ ശമ്പളം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>കംപാഷണേറ്റ് ഗ്രൗണ്ടിൽ നടത്തിയ സ്ഥലം മാറ്റങ്ങൾ</u>

2856 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ റവന്യൂ വകുപ്പിൽ കംപാഷണേറ്റ് ഗ്രൗണ്ടിൽ എത്ര ജീവനക്കാർക്ക് സ്ഥലം മാറ്റം നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രൊമോഷൻ വഴി മറ്റ് ജില്ലകളിലേക്കു പോയ റവന്യൂ ജീവനക്കാരിൽ ഈ സർക്കാരിന്റെ കാലയളവിൽ എത്ര പേർക്ക് തിരികെ സ്വന്തം ജില്ലകളിലേക്ക് മാറ്റം നൽകിയെന്ന് അറിയിക്കുമോ; ആയതിൽ എത്ര യു.ഡി.ക്ലാർക്ക്, എത്ര വില്ലേജ് ഓഫീസർ/എച്ച്.സി, എത്ര ഡി.റ്റി/ജെ.എസ് എന്ന് വിശദമാക്കുമോ; പ്രസ്തുത ഓരോ ഇനത്തിലും കംപാഷണേറ്റ് ഗ്രൗണ്ടിൽ റീ അലോട്ട് ചെയ്യപ്പെട്ടവർ എത്രയെന്നും വിശദമാക്കുമോ;

(സി) റവന്യൂ വകുപ്പിലെ യു.ഡി.ക്ലാർക്ക്, വി.ഒ/എച്ച്.സി, ഡി.റ്റി/ജെ.എസ് തസ്തികകളിൽ മറ്റ് ജില്ലകളിൽ നിന്നും കംപാഷണേറ്റ് ഗ്രൗണ്ടിൽ റീ അലോട്ട്മെന്റ് നേടി സ്വന്തം ജില്ലകളിൽ എത്തിയ ജീവനക്കാരുടെ പേരും, സീനിയോരിറ്റി ലിസ്റ്റിലെ അവരുടെ ക്രമനമ്പരും കംപാഷണേറ്റ് ഗ്രൗണ്ടിൽ അവർക്ക് ട്രാൻസ്ഫർ നൽകിയതു സംബന്ധിച്ച കാര്യകാരണങ്ങളും മാറ്റം അനുവദിച്ച ജില്ലകളും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ച് ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി</u>

2857 ശ്രീ.കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യുവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യു വകുപ്പിലെ ജീവനക്കാരുടെ എണ്ണം 1962-ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ളതാണെന്നും ജോലി ഭാരം വർദ്ധിച്ച സാഹചര്യത്തിൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കണമെന്നുമുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റവന്യൂ വകുപ്പിലെ തസ്തികകൾ വർദ്ധിപ്പിക്കുന്നത് പരിഗണനയിലുണ്ടോയെന്നറിയിക്കുമോ?

## കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>തുടർച്ചാനുമതി ആവശ്യമുള്ള താൽക്കാലിക തസ്തികകളുടെ എണ്ണം</u>

2858 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തുടർച്ചാനുമതി ആവശ്യമുള്ള താൽക്കാലിക തസ്തികകളുടെ എണ്ണം ശേഖരിച്ചിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ അനുമതി ലഭിച്ച തസ്തിക അടിസ്ഥാനത്തിലുള്ള എണ്ണം ജില്ലകൾ തിരിച്ച് വ്യക്തമാക്കുമോ; അനുമതി ലഭിക്കാത്തവയ്ക്ക് ഉടൻ തുടർച്ചാനുമതി നൽകുമോ;

(സി) പ്രസ്തുത തസ്തികയിൽ ജോലി ചെയ്യുന്നവരിൽ എറണാകുളം ജില്ലയിലെ ഏതെല്ലാം ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ട്; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) ജീവനക്കാരുടെ വേതനം തടയാതിരിക്കാൻ മുൻകരുതൽ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

ജീവനക്കാർക്ക് യഥാസമയം ശമ്പളം ലഭിക്കാൻ നടപടി

2859 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തുടർച്ചാനുമതി നൽകാത്തതിന്റെ പേരിൽ സംസ്ഥാനത്ത് റവന്യൂ വകുപ്പിലെ എത്ര ജീവനക്കാർക്കാണ് കഴിഞ്ഞ മാസങ്ങളിൽ ശമ്പളം ലഭിക്കാത്തത് എന്ന് വ്യക്തമാക്കുമോ ; എത്ര മാസങ്ങളായി ഇവർക്ക് ശമ്പളം ലഭിക്കുന്നില്ല എന്നു വ്യക്തമാക്കുമോ ;

(ബി) തുടർച്ചാനുമതി നൽകാത്തതുമൂലം ജീവനക്കാർക്ക് ശമ്പളം ലഭിക്കുന്നില്ല എന്നു കാണിച്ചും ഈ പ്രശ്നം അടിയന്തരമായി പരിഹരിച്ച് റവന്യൂ ജീവനക്കാർക്ക് ശമ്പളം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് ഏതെല്ലാം സംഘടനകൾ നിവേദനം സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) തുടർച്ചാനുമതിയുടെ പേരിൽ റവന്യൂ ജീവനക്കാർക്ക് ശമ്പളം വൈകുന്നത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നടപടി മേലിൽ ഉണ്ടാകാതിരിക്കുവാനും ജീവനക്കാർക്ക് യഥാസമയം ശമ്പളം ലഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ നടപടി</u>

2860 ശ്രീമതി ജമീലാപ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 22.06.2012-ൽ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി 28132/റ്റി2/2012/ആർഡി നമ്പരായി തിരുവനന്തപുരം തഹസീൽദാർക്ക് ഒരു കത്തയച്ചിരുന്നോ;

(ബി) എങ്കിൽ ആ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത കത്തിലെ നിർദ്ദേശമനുസരിച്ച് നടപടി സ്വീകരിക്കുന്നതിനും ജി. ദീപ എന്ന കുട്ടിക്ക് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകുന്നതിനും തിരുവനന്തപുരം തഹസീൽദാർ തയ്യാറായിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ആയതു സംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>റീ ഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് പോളിസി പ്രകാരമുള്ള സ്ഥലമേറ്റെടുപ്പ്</u>

2861 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റീഹാബിലിറ്റേഷൻ ആന്റ് റീ സെറ്റിൽമെന്റ് പോളിസി പ്രകാരം ഈ വർഷം ഏതെല്ലാം പദ്ധതികൾക്കായി സ്ഥലമേറ്റെടുത്തിട്ടുണ്ട്; വകുപ്പുതിരിച്ച് പദ്ധതികൾ വിശദീകരിക്കുമോ;

(ബി) ആർ&ആർ പോളിസിപ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനായി റവന്യൂ വകുപ്പിന്റെ പ്രത്യേക ശീർഷകത്തിൽ വകയിരുത്തിയ 300 കോടി രൂപയിൽ എത്ര തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

ലാന്റ് അക്വിസിഷൻ നടപടികൾ

2862 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾക്ക് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രൊപ്പോസലിലും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

പാലത്തിനായി ഭൂമി ഏറ്റെടുക്കൽ പ്രക്രിയ

2863

ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പാഞ്ചിക്കാട് കടവു പാലത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ പ്രക്രിയ ഏത് ഘട്ടം വരെയായിയെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് നാളിതുവരെയായി പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് എന്തൊക്കെ കടമ്പകളാണ് തരണം ചെയ്യേണ്ടത് എന്നും, ആയത് എത്ര ദിവസം കൊണ്ട് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(ഡി) പ്രദേശത്തിന്റെ ആവശ്യകത കണക്കിലെടുത്ത് പരമാവധി വേഗത്തിൽ ഭൂമി ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിന് അടിയന്തിര നിർദ്ദേശം വകുപ്പിന് നൽകുമോയെന്നത് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>പാലത്തിനായി സ്ഥലമെടുക്കാൻ നടപടി</u>

2864 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ അയ്യംമ്പുഴ മഞ്ഞപ്ര റോഡിൽ സ്ഥിതി ചെയ്യുന്നതും ശോചനീയാവസ്ഥയിലായതുമായ കോതായി തോട് പാലത്തിന്റെ സ്ഥലമെടുപ്പ് സംബന്ധമായ ഫയൽ ഹൈ ലെവൽ കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഫയലിൽ തീരുമാനമെടുക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>ഡാറ്റാ ബാങ്കിന്റെ പ്രവർത്തനങ്ങൾ</u>

2865 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും ഡാറ്റാ- ബാങ്ക് തയ്യാറാക്കൽ പ്രക്രിയ ഏത് ഘട്ടം വരെ ആയി എന്ന് വിശദമാക്കുമോ;

(ബി) ആയതിന്റെ നടപടിക്രമങ്ങൾ എന്ന് പൂർത്തിയാക്കും എന്ന് വിശദീകരിക്കുമോ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>ദേശീയ ഭൂരേഖാ നവീകരണ പദ്ധതി</u>

2866 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭൂരേഖാ നവീകരണ പദ്ധതിപ്രകാരം ഏതൊക്കെ ഭൂരേഖകൾ ആണ് ഡിജിറ്റലൈസ് ചെയ്യുന്നതെന്ന് വിവരിക്കുമോ;

(ബി) ഭൂരേഖകൾ ഡിജിറ്റലൈസ് ചെയ്യുന്നതിന് 2012-13 ബജറ്റിൽ വകയിരുത്തിയ 10 കോടി രൂപ എന്തൊക്കെ ആവശ്യത്തിനായാണ് വകയിരുത്തപ്പെട്ടിട്ടുള്ളത്; പ്രസ്തുത തുകയിൽ എത്ര ചെലവഴിച്ചുവെന്നും എന്തൊക്കെ ആവശ്യത്തിനായാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>പുരാരേഖകൾ ഡിജിറ്റലൈസ് ചെയ്യാൻ നടപടി</u>

2867 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ മിനിറ്റ്സ് അടക്കമുള്ള രേഖകൾ കാലിക്കറ്റ് ആർക്കൈവ്സിലോ കോഴിക്കോട് കളക്ടറേറ്റിലോ ലഭ്യമല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോഴിക്കോട് കളക്ടറേറ്റിലെ റിക്കോർഡ്സിൽ ഇൻഡക്സ് ചെയ്യാതെ സൂക്ഷിച്ചിട്ടുള്ള പുരാരേഖകളെല്ലാം ഇൻഡക്സ് ചെയ്യുന്നതിനും ഡിജിറ്റലൈസ് ചെയ്യുന്നതിനും നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>റീ- സർവ്വെ രജിസ്റ്ററുകളുടെ ലഭ്യത ഉറപ്പുവരുത്താൻ നടപടി</u>

2868 ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1928-ലെ റീസർവ്വേയ്ക്കു ശേഷമുളള എ രജിസ്റ്ററും അതിന്റെ അപ്പന്റിക്സും താനൂർ വില്ലേജ് ഓഫീസിൽ ലഭ്യമല്ലെന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത രേഖകൾ ബന്ധപ്പെട്ട താലൂക്ക് ഓഫീസിലോ, ലാന്റ് ബോർഡിലോ ലഭ്യമാണോ;

(സി) നിർബന്ധമായും വില്ലേജ് ഓഫീസിൽ ഉണ്ടായിരിക്കേണ്ട രേഖയായതിനാൽ അവ താനൂർ വില്ലേജിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>റീസർവ്വെയിലെ അപാകതകൾ</u>

2869 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റീസർവ്വെയിലെ അപാകതകൾ മൂലം കൽപ്പറ്റ നിയോജകമണ്ഡലത്തിലെ മുപ്പൈനാട് വില്ലേജിലെ ചെല്ലംകോട്, നീലിമല പ്രദേശങ്ങളിലെ കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) റീസർവ്വെയിലെ അപാകതകൾ മൂലം ഉണ്ടായ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പ്രസ്തുത കർഷകരുടെ ഭൂമിക്ക് നികുതി സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

റീസർവ്വെയിൽ പെടുത്തി പേരിൽകൂട്ടി കരം ഒടുക്കുന്നതിന് നടപടി

2870 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ശാസ്താംകോട്ട കോതപുരം കാരാളിമുക്ക് പെരുവേലിൽ വീട്ടിൽ രവീന്ദ്രൻപിളള കല്ലട വില്ലേജിൽ മുൻസർവ്വേ നമ്പർ 6623/6 റ്റി.നമ്പർ-16736 ൽ 9 സെന്റ് 44 ലിംഗ്സ് വസ്തു റീസർവ്വേയിൽപ്പെടുത്തി പേരിൽ കൂട്ടി കരം ഒടുക്കുന്നതിന് മേൽനടപടികൾക്കായി സർവ്വേ ഡയറക്ടർക്ക് 14/1/13 ൽ സമർപ്പിച്ചിട്ടുളള അപേക്ഷയിൻമേൽ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ആയതുമായി ബന്ധപ്പെട്ട ഫയലുകൾ ഇപ്പോൾ ഏതാഫീസിൽ ആണ് ഉളളത് എന്ന് ഫയൽ നമ്പറുകൾ സഹിതം വ്യക്തമാക്കുമോ;

(സി) പ്രസ്തുത വസ്തു പേരിൽ കൂട്ടി നൽകുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>റീ- സർവ്വെ അനുസരിച്ച് അതിർത്തികൾ നിശ്ചയിക്കുന്നതിന് നടപടി</u>

2871 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളപുരം-ആയൂർ റോഡിന്റെ നല്ലില മുതൽ മുല്ലശ്ശേരിമുക്ക് വരെ റോഡിന്റെ റീ-സർവ്വെ അനുസരിച്ച് അതിർത്തികൾ നിശ്ചയിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) ഇക്കാര്യത്തിൽ നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>തുറമുഖവകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങളുടെ സർവ്വേ നടപടി</u>

2872 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ തുറമുഖവകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങളുടെ സർവ്വേ നടത്തി അളന്നു തിട്ടപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) സർവ്വേ നടത്തുന്നതിന് ഉത്തരവിട്ടിട്ടുണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) സർവ്വേ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>കയർ മേഖലയുടെ ആധുനികവൽക്കരണം</u>

2873 ശ്രീ. ജി. സുധാകരൻ
'' കെ.കെ. നാരായണൻ
'' കെ. ദാസൻ
'' എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിൽ ഉൽപന്ന വൈവിധ്യവൽക്കരണത്തിനും പുതിയ ഉപയോഗമേഖലകൾ കണ്ടെത്തുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ആധുനികവൽക്കരണത്തിന്റെ ഭാഗമായി കയർ മേഖലയ്ക്ക് ആവശ്യമായ യന്ത്രങ്ങൾ ഉൽപാദിപ്പിക്കുവൻ പൊതു മേഖലയിൽ മുൻ സർക്കാർ ആരംഭംകുറിച്ച സ്ഥാപനം ഇപ്പോൾ എത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(സി) കയർ ജിയോടെക്സ്റ്റലിന് പുതിയ ഉപയോഗമേഖലകൾ കണ്ടെത്തുവാൻ സാധ്യമായിട്ടുണ്ടോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>കയർഫെഡിന്റെ റൂറൽ ബിസിനസ്സ് ഹബ് പദ്ധതി</u>

2874 ശ്രീ. അൻവർ സാദത്ത്
,, ആർ. സെൽവരാജ്
,, ലൂഡി ലൂയിസ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർഫെഡിന്റെ റൂറൽ ബിസിനസ്സ് ഹബ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) കയർ ഉൽപന്നങ്ങളുടെ ഗ്രാമീണ വിപണനത്തിന് ഏതെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

ഇൻകം സപ്പോർട്ട് സ്കീം

2875

ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുന്നതിന് നടപ്പു സാമ്പത്തിക വർഷം അനുവദിച്ച തുക എത്രയെന്നറിയിക്കുമോ;

(ബി) അനുവദിച്ച തുകയിൽ ഇതിനകം ചെലവഴിച്ച തുക എത്ര; ആനുകൂല്യം ലഭിച്ച തൊഴിലാളികളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി കയർ രംഗത്തുള്ള സ്വകാര്യമേഖലയിലെ തൊഴിലാളികൾക്ക് കൂടി ബാധകമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

കയർ ക്ഷേമനിധി ബോർഡിൽ അംഗത്വ വിഹിതം

2876

ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ ക്ഷേമനിധി ബോർഡിൽ അംഗത്വ വിഹിതമായി പ്രതിവർഷം ഒരംഗത്തിൽ നിന്നും എത്ര തുകയാണ് വാങ്ങുന്നത്; ഇപ്പോൾ എത്ര വർഷത്തെ അംഗത്വവിഹിതമാണ് അടപ്പിക്കുന്നത്;

(ബി) രണ്ടും മൂന്നും വർഷത്തെ അംഗത്വ വിഹിതം ഒരുമിച്ചു വാങ്ങി സർക്കാർ വിഹിതം കൂടുതൽ വാങ്ങാൻ ബോർഡു ശ്രമിക്കുന്നത് വരും വർഷങ്ങളിൽ ബോർഡിനെ സാമ്പത്തിക പ്രതിസന്ധിയിലാക്കുമെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

താത്ക്കാലിക ജീവനക്കാരുടെ നിയമനം

2877

ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ ക്ഷേമനിധി ബോർഡിൽ പെൻഷൻ പറ്റിയ ജീവനക്കാരെ താത്കാലിക ജീവനക്കാരായി നിയമിച്ചിട്ടുണ്ടോ; എങ്കിൽ ആരെയൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ക്ഷേമനിധി ബോർഡിൽ പെൻഷൻ പ്രായം അൻപത്തിഎട്ടാക്കണമെന്ന ശുപാർശ ബോർഡ് പ്രമേയമായി സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(സി) ആയതു സംബന്ധിച്ച് എന്തെങ്കിലും തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?